# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 15, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

## കോസ്റ്റൽ ക്രൂയിസ് ഷിപ്പിങ് പദ്ധതി

*181 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിങ് പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇതിനായി മാരിടൈം ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കേരളത്തിൽനിന്നും ഗൾഫ് മേഖലകളിലേക്ക് യാത്രാക്കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

## ലോജിസ്റ്റിക്സ് പാർക്കുകൾ

*182 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവിസ്തൃതി എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ആംനസ്റ്റി പദ്ധതി</u>**

*183 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പ് ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വ്യാപാരികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മുൻ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നികുതി കുടിശികയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതികളിൽ നിലവിലുള്ളത്; വ്യക്തമാക്കുമോ?

**<u>ധനകാര്യ കമ്മീഷൻ ഗ്രാന്റ്</u>**

*184 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം എത്ര ശതമാനമായിരുന്നു; നിലവിൽ എത്രയാണ്; അറിയിക്കുമോ;

(ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) ഗ്രാന്റ് വിഹിതം അനുവദിക്കുന്നതിനായി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സംസ്ഥാനത്തിന് വിഹിതം കുറവ് വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ നിന്നും വ്യത്യസ്തമായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ വർദ്ധിച്ച തോതിൽ ഗ്രാന്റ് വിഹിതം ലഭ്യമായ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

**<u>ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ</u>**

*185 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) നിലവിലെ മാനദണ്ഡങ്ങളിൽപ്പെടാത്ത ജനോപകാരപ്രദമായ പദ്ധതികൾക്കൂടി ഉൾപ്പെടുത്തി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുമോ; വിശദമാക്കുമോ?

**<u>വ്യവസായ സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിന് പദ്ധതി</u>**

*186 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനായി സംരംഭങ്ങൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് ലഭിക്കുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് ഓഹരി</u>**

*187 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് എത്ര ശതമാനം ഓഹരി ഉണ്ടെന്ന് വ്യക്തമാക്കാമോ; സർക്കാരിന്റെ ഓഹരിയുള്ള പ്രസ്തുത കമ്പനിക്ക് സർക്കാർ ചട്ടങ്ങളും നിബന്ധനകളും ബാധകമാണോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് എന്ത് സേവനം ലഭ്യമാക്കിയതിനാണ് സി.എം.ആർ.എൽ. കമ്പനി പണം നൽകിയതെന്ന് വിശദമാക്കാമോ; സി.എം.ആർ.എൽ. കമ്പനി എക്സാലോജിക് സൊല്യൂഷനെ

തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ; പ്രസ്തുത കമ്പനി എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എക്സാലോജിക് കമ്പനിയുമായി സി.എം.ആർ.എൽ. നടത്തിയ ഇടപാടുകളുടെ പേരിൽ കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചോദ്യം ചെയ്തത് ഏത് ഇടപാടുമായി ബന്ധപ്പെട്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വിഴിഞ്ഞം തുറമുഖത്തിനുള്ള സുരക്ഷാ അംഗീകാരം</u>

*188 **ഡോ. സുജിത് വിജയൻപിള്ള**

**ശ്രീ. എം. എം. മണി**

**ശ്രീ വി ജോയി**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക മറൈൻ ഭൂപടത്തിൽ തലസ്ഥാനനഗരിയെ അടയാളപ്പെടുത്തുന്നതിനായി വിഴിഞ്ഞം തുറമുഖത്തിന് ഇതിനകം വിവിധ അംഗീകാരങ്ങൾ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് അംഗീകാരം നേടിയെടുക്കാൻ വിഴിഞ്ഞം തുറമുഖത്തിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത സുരക്ഷാ അംഗീകാരം ലഭ്യമായതോടെ തുറമുഖത്ത് ആരംഭിക്കാൻ സാധിക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

## <u>കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിലെ ക്രമക്കേടുകൾ</u>

*189 **ശ്രീ. പി. കെ. ബഷീർ**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ചവറയിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയിൽ നിന്നും പുറന്തള്ളുന്ന അയൺ ഓക്സൈഡ് മൂലമുള്ള മലിനീകരണം തടയാനുള്ള പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയത്; പ്രസ്തുത കരാർ തുകയിൽ വർദ്ധനവ് വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത സ്ഥാപനം കെടുകാര്യസ്ഥതയും ഉൽപാദന കുറവും മൂലം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന ആക്ഷേപം

പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിലെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത

*190 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന വികസന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി സ്വകാര്യ-സഹകരണ മേഖലകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നയപരിപാടി രൂപീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഫ്ലോട്ടിംഗ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം

*191 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ;

(സി) തുറമുഖവികസനത്തോടൊപ്പം അനുബന്ധ റോഡുകളുടെയും റെയിൽവേ-ദേശീയപാത എന്നിവയുടെയും വികസനം സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യത്തിലേക്കായി ധനകാര്യപാക്കേജ് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എം.പി.മാരുടെ സംയുക്തസംഘം ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തിയ ഉത്തരവ്

*192 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടി മൂലം നിയമപരമായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച വ്യക്തികൾക്ക് ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടോയെന്ന് വിശദമാക്കുമോ;

(സി) നിയമസഭ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ക്ഷേമനിധി പെൻഷനുകൾ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിജപ്പെടുത്തിയ നടപടി നിയമപരമായി നിലനിൽക്കുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>വൈദ്യുതി മേഖലയുടെ സമഗ്ര വികസനം</u>**

*193 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ "ട്രാൻസ്ഗ്രിഡ് 2.0” പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും ഉപ-പ്രസരണ, വിതരണ രംഗം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർദ്ധനവിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഊർജ്ജരംഗത്ത് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>മൺപാത്ര നിർമ്മാണമേഖലയിലെ പ്രതിസന്ധി</u>**

*194 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൺപാത്ര നിർമ്മാണമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പാത്രങ്ങളുടെ വരവും ഉൾപ്പെടെ ഈ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായമായി അംഗീകരിക്കുന്നതിനും മൺപാത്ര വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് നടപടി</u>

*195 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുത നിലയങ്ങളുടെ ഉല്പാദനശേഷി വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവ് കുറഞ്ഞിട്ടുണ്ടോ; എങ്കിൽ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മുഴുവൻ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് കുറയുന്ന രീതിയിൽ വൈദ്യുതി നിരക്കിൽ കുറവ് വരുത്താൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

## <u>സഹകരണ സംരക്ഷണ നിധി</u>

*196 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിന് സഹകരണ സംരക്ഷണ നിധി എത്രത്തോളം സഹായകമാണെന്നും മറ്റെന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

## <u>കാസ്പ് പദ്ധതി</u>

*197 **ശ്രീ. ഐ. ബി. സതീഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ഒ എസ് അംബിക**

**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാമേഖലയിൽ എന്തു തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പൊതുജനങ്ങളുടെ ആരോഗ്യ സുരക്ഷ ലക്ഷ്യമിട്ട് നടപ്പാക്കുന്ന കാസ്പ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, പ്രീമിയം തുക, സർക്കാർ പ്രീമിയം അടയ്ക്കുന്ന കുടുംബങ്ങളുടെ എണ്ണം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പരിധിയിൽ ഉൾപ്പെടാത്തതും വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയുള്ളതുമായ കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷയ്ക്കായി മറ്റേതെങ്കിലും സ്കീം നിലവിലുണ്ടോ; വിശദമാക്കുമോ?

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി</u>

*198 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് നൽകേണ്ട തുകയിൽ സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി കമ്പനി എടുക്കുന്ന വായ്പ സർക്കാരിന്റെ ബാധ്യതയായിട്ടാണോ വ്യവസ്ഥ ചെയ്യുന്നത്; വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക മുഴുവനായി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>ജി.എസ്.ടി. രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ</u>

*199 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംബന്ധിച്ച് കേരളം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി.

കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാനം നടത്തിയ ഇടപെടലിലൂടെ ഓൺലൈൻ വ്യാപാര മേഖലയിലെ നികുതി കുറവ് പരിശോധിക്കാനും പരിഹരിക്കാനും കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലെ സ്വീകാര്യത

*200 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി ജോയി**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം ഉറപ്പുവരുത്തി അതിലൂടെ അന്താരാഷ്ട്ര വിപണിയിൽ സ്വീകാര്യത നേടിയെടുക്കുന്നതിന് സംരംഭകരെ പ്രാപ്തരാക്കുന്നതിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ബ്രാൻഡിംഗ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖലയുടെ ഇടപെടൽ

*201 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രകൃതിദുരന്തങ്ങൾ, മഹാമാരി തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളുടെ അതിജീവനത്തിനായി ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുന്നതിനായി സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പിന്നാക്ക, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സയും ആരോഗ്യസംരക്ഷണവും സഹകരണമേഖലയിലൂടെ പ്രദാനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കിയ ആശ്വാസനിധി എന്ന പദ്ധതി കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും</u>**

*202 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകൾമൂലം പതിനാലാം പഞ്ചവത്സര പദ്ധതിയും മൂന്നു വാർഷികപദ്ധതികളും അനിശ്ചിതത്വത്തിലായതായി പറയുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിച്ച് മൂന്നു വർഷമായിട്ടും അടങ്കൽ തുക തീരുമാനിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഈ കാലയളവിൽ ഓരോ വാർഷിക പദ്ധതിയിലും താൽക്കാലിക അടങ്കൽ തുകയെത്ര, ചെലവഴിച്ച തുകയെത്ര എന്ന് വ്യക്തമാക്കുമോ; ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലെ അടങ്കൽ തുകയിലാണ് കുറവ് വരുത്തിയതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ;

(സി) പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് മാസ്റ്റർ പ്ലാൻ</u>**

*203 **ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അവയെ മത്സരക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാർ സ്വകാര്യവല്ക്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ബദൽ വികസനനയം സംസ്ഥാനം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ശാസ്ത്ര-സാങ്കേതിക വ്യവസായ വിപണന രംഗത്തുണ്ടായ മാറ്റങ്ങൾക്കും പ്രവർത്തനമേഖലയ്ക്കും അനുസൃതമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മാസ്റ്റർ

പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>**സഹകരണ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം**</u>

*204 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനമാണ് കാലാകാലങ്ങളായി സഹകരണ സംഘങ്ങൾക്കുള്ളതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാജ്യത്തെ ആകെ സഹകരണനിക്ഷേപത്തിന്റെ എഴുപത് ശതമാനത്തിലധികം കേരളത്തിലാണെന്നത് സംസ്ഥാനത്തിന്റെ സഹകരണ മേഖലയുടെ വിശ്വാസ്യത ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വെല്ലുവിളികളെയെല്ലാം അതിജീവിച്ച് പൂർണമായ സാമ്പത്തിക സുരക്ഷിതത്വം നിക്ഷേപകർക്ക് ഉറപ്പുനൽകാൻ സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എപ്പോഴും നിക്ഷേപം തിരികെ കൊടുക്കാൻ കഴിയുന്ന തരത്തിൽ എല്ലാ സഹകരണസംഘങ്ങളും ആവശ്യമായ ലിക്വിഡിറ്റി ഉറപ്പാക്കിയിട്ടുണ്ടോ; സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്താനായി നിക്ഷേപ ഗ്യാരണ്ടി ബോർഡും സഹകരണ പുനരുദ്ധാരണ നിധിയും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>**ഇ-കൊമേഴ്സ് പോർട്ടൽ മുഖേനയുള്ള വിപണനം**</u>

*205 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ നേടിയെടുത്ത പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിൽ പുരോഗതി നേടുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇ-കൊമേഴ്സ് പോർട്ടലിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂടുതൽ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>**വിവിധ വൈദ്യുതീകരണ പദ്ധതികൾ**</u>

*206 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ പ്രതിബദ്ധതയിലധിഷ്ഠിതമായി സർക്കാർ നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആദിവാസി ഗോത്ര പ്രദേശങ്ങളിലെ വൈദ്യുതീകരണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ഡി) അംഗൻവാടികളെ ഊർജ്ജക്ഷമമാക്കുന്നതിനായി നടപ്പാക്കുന്ന അംഗൻജ്യോതി പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വിഴിഞ്ഞം തുറമുഖവികസനത്തോടനുബന്ധിച്ച് സാമൂഹ്യക്ഷേമ പദ്ധതികൾ</u>

*207 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിനായി വിഴിഞ്ഞം തുറമുഖവികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം തന്നെ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രാദേശിക ജനവിഭാഗങ്ങളിൽ ജീവനോപാധി നഷ്ടമായവർക്കുള്ള നഷ്ടപരിഹാര വിതരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിവരിക്കുമോ;

(സി) ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിഴിഞ്ഞം പദ്ധതിപ്രദേശത്തെ ജനങ്ങൾക്ക് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ശുദ്ധജല വിതരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായുള്ള പദ്ധതികൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

## <u>വൈദ്യുതലൈനുകൾ കവചിതമാക്കാൻ നടപടി</u>

*208 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റത്തും മഴയത്തും വൈദ്യുതലൈൻ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാൻ കവചിത വൈദ്യുതലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോയെന്നും ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>വ്യാവസായികരംഗത്ത് കെൽട്രോൺ നേടിയ പുരോഗതി</u>

*209 **ശ്രീ. കെ.വി.സുമേഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ കെൽട്രോണിന് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രതിരോധ മേഖലയിലും ബഹിരാകാശ ദൗത്യ മേഖലയിലും കെൽട്രോൺ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) രാജ്യത്ത് ആദ്യമായി സൂപ്പർ കപ്പാസിറ്റർ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് തുടക്കം കുറിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൺട്രോൾ ആന്റ് ഇൻസ്ട്രുമെന്റേഷൻ മേഖലയിൽ കെൽട്രോൺ നേടിയിട്ടുള്ള പുരോഗതി വിവരിക്കാമോ; വിദേശ രാജ്യങ്ങളുമായി ഈ മേഖലയിൽ സഹകരണത്തിനായി ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>തോറിയം അധിഷ്ഠിത ആണവനിലയം</u>

*210 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോറിയം അധിഷ്ഠിത ആണവനിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരമുള്ള തോറിയം സംസ്ഥാനത്ത് ലഭ്യമാണെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) ഈ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഒക്ടോബർ 8, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].